പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.1020

29.9.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

# 100 ദിന കർമ്മ പരിപാടി

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ: | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി എത്ര കൈയ്യേറ്റ ഭൂമികൾ ഒഴിപ്പിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ; | (എ) **ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.** |

| | |
|---|---|
| തിരുവനന്തപുരം | സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കയ്യേറ്റഭൂമികൾ ഒന്നും ഒഴിപ്പിച്ചിട്ടില്ല. 8 കേസുകളിൽ ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു വരുന്നു. |
| കൊല്ലം | 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കയ്യേറ്റ ഭൂമികൾ ഒന്നും ഒഴിപ്പിച്ചിട്ടില്ല |
| പത്തനംതിട്ട | പത്തനംതിട്ട ജില്ലയിൽ ഭൂസംരക്ഷണ നിയമ പ്രകാരമുള്ള ഒരു കേസിൽ 00.56 ച.മീറ്റർ സ്ഥലം ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്. |
| ആലപ്പുഴ | 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജില്ലയിൽ കയ്യേറ്റങ്ങൾ ഒന്നും തന്നെ ഒഴിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| കോട്ടയം | മിച്ച ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടില്ല. |
| ഇടുക്കി | സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഈ ജില്ലയിൽ പീരുമേട് താലൂക്കിൽ 10 കേസുകളലായി 940.67 ഏക്കർ ഭൂമിയിലെ കയ്യേറ്റങ്ങളും, ദേവികുളം താലൂക്കിൽ 6 കേസ്സുകളിലായി 410.52 ഏക്കർ ഭൂമിയിലെ കയ്യേറ്റങ്ങളും, ഉടുമ്പൻചോല താലൂക്കിൽ 13 കേസുകളിലായി 552.38 ഏക്കർ ഭൂമിയിലെ കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുണ്ട്. തൊടുപുഴ താലൂക്കിൽ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായിട്ടല്ലെങ്കിലും, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 4.75 ഏക്കർ സ്ഥലത്തെ കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുണ്ട്. (മേൽ കേസുകൾ ഒന്നും മിച്ച ഭൂമിയിൽ ഉൾപ്പെട്ടു വരുന്നില്ല). |
| എറണാകുളം | പുതിയ കയ്യേറ്റങ്ങൾ കണ്ടെത്തുകയോ ഒഴിപ്പിക്കുകയോ ചെയ്തിട്ടില്ല. പഴയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്റ്റ്-1957, കെ.എൽ.സി. അമെന്റ്മെന്റ് - 2009 ഇവകൾ പ്രകാരം നടപടികൾ കൈക്കൊണ്ടു വരുന്നു. |
| തൃശ്ശൂർ | കയ്യേറ്റങ്ങൾ ഒന്നും ഒഴിപ്പിച്ചിട്ടില്ല. |

| | | |
|---|---|---|
| | പാലക്കാട്. | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി മിച്ചഭൂമി കയ്യേറ്റങ്ങൾ ഒന്നും തന്നെ ഒഴിപ്പിച്ചിട്ടില്ല. |
| | മലപ്പുറം | കയ്യേറ്റ ഭൂമികൾ കണ്ടെത്തിയിട്ടില്ല. |
| | കോഴിക്കോട് | കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ 3 റോഡ് പുറമ്പോക്ക് കയ്യേറ്റ ഭൂമിയും, കോഴിക്കോട് താലൂക്കിൽ 3 സെന്റ് പുഴ പുറമ്പോക്ക് ഭൂമിയും, കോഴിക്കോട് താലൂക്കിൽ 3 സെന്റ് പുഴ പുറമ്പോക്ക് ഭൂമിയും ഒഴിപ്പിച്ചിട്ടുണ്ട് (ഇവ മിച്ചഭൂമിയിൽ ഉൾപ്പെട്ടു വരുന്നതല്ല). |
| | വയനാട് | മിച്ച ഭൂമി കയ്യേറ്റങ്ങൾ പ്രസ്തുത കാലയളവിൽ ഒഴിപ്പിച്ചിട്ടില്ല. |
| | കണ്ണൂർ | ഇല്ല. |
| | കാസർഗോഡ് | സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജില്ലയിൽ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടില്ല. എന്നാൽ ഗവൺമെന്റ് ഭൂമി (എ.ഡബ്ല്യൂ.ലാൻഡ്)യിൽ ഒരു കേസിൽ 1.25 ഏക്കർ കയ്യേറ്റ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. |
| (ബി) 2011 മെയ് മുതൽ സെപ്റ്റംബർ 20 വരെ എത്ര മിച്ച ഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) **ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു** | |
| | തിരുവനന്തപുരം | ഈ കാലയളവിൽ മിച്ചഭൂമി കണ്ടെത്തി ഏറ്റെടുത്തിട്ടില്ല. |
| | കൊല്ലം | മിച്ചഭൂമി കേസുകൾ ഒന്നും കണ്ടെത്തിയിട്ടില്ല. |
| | പത്തനംതിട്ട | ഈ കാലയളവിൽ മിച്ചഭൂമികൾ കണ്ടെത്തിയിട്ടില്ല. |
| | ആലപ്പുഴ | ഈ കാലയളവിൽ ജില്ലയിൽ മിച്ചഭൂമി ഒന്നും കണ്ടെത്തി ഏറ്റെടുത്തിട്ടില്ല. |
| | കോട്ടയം | നടപടി പൂർത്തിയാക്കിയ കേസ്സുകൾ ഇല്ല. |
| | ഇടുക്കി | തൊടുപുഴ താലൂക്കിൽ 72.01.500 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് ലാൻഡ് ബോർഡിൽ നിന്നും ഉത്തരവായിട്ടുള്ളതാണ്. അതിൽ 48.94 ഏക്കർ ഭൂമി ഏറ്റെടുത്തു (ബാക്കി സ്ഥലം അന്യകൈവശത്തിലാണ്). |
| | എറണാകുളം | ഈ കാലയളവിൽ മിച്ചഭൂമി കണ്ടെത്തിയിട്ടില്ലാത്തതാകുന്നു. |
| | തൃശ്ശൂർ | ഈ കാലയളവിൽ മിച്ചഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതാകുന്നു. |
| | പാലക്കാട് | പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ മാത്തൂർ-1 വില്ലേജിൽ ശ്രീ.കൃഷ്ണൻ നമ്പൂതിരിപ്പാട് എന്ന വ്യക്തിയിൽ നിന്നും 2.39 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിനായി 30.6.2011-ന് താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ കേസിലെ തുടർ നടപടികൾ ഡബ്ള്യൂ.പി (സി)21230/11-ാം നമ്പർ കേസ് പ്രകാരം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് താലൂക്കിൽ പുതുശ്ശേരി സെൻട്രൽ വില്ലേജിൽ |

| | |
|---|---|
| | ശ്രീ.എസ്.എസ്.ശ്രീരാം എന്നയാളിൽ നിന്നും പാലക്കാട് ടി.എൽ.ബിയുടെ 30.11.2010-ലെ എൽ.ബി/658/73 നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കുവാൻ ഉത്തരവായ ഭൂമിയിൽ, ഇതുവരെയായി 24.19.02 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| മലപ്പുറം | മിച്ചഭൂമി ഏറ്റെടുത്തിട്ടില്ല. |
| കോഴിക്കോട് | ഈ കാലയളവിൽ മിച്ചഭൂമികളൊന്നും കണ്ടെത്തി ഏറ്റെടുത്തിട്ടില്ല. |
| വയനാട് | ജില്ലയിൽ ഈ കാലയളവിൽ മിച്ചഭൂമി ഏറ്റെടുത്തിട്ടില്ല. |
| കണ്ണൂർ | 1.25 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| കാസർഗോഡ് | ഈ കാലയളവിൽ ജില്ലയിൽ മിച്ചഭൂമി ഏറ്റെടുത്തിട്ടില്ല. |

(സി) എത്ര കൈയ്യേറ്റ ഭൂമി ഏറ്റെടുക്കാനായി എന്ന് വ്യക്തമാക്കുമോ ?

(സി) **ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| | |
|---|---|
| തിരുവനന്തപുരം | കയ്യേറ്റ ഭൂമി ഏറ്റെടുത്തിട്ടില്ല. |
| കൊല്ലം | കൊല്ലം താലൂക്കിലെ 1.21.30 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് |
| പത്തനംതിട്ട | ജില്ലയിൽ ഒരു കയ്യേറ്റ ഭൂമി ഏറ്റെടുത്തു (വിസ്തീർണ്ണം - 00.56 ച.മീറ്റർ) |
| ആലപ്പുഴ | ഈ കാലയളവിൽ ജില്ലയിൽ പുതിയ കയ്യേറ്റങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| കോട്ടയം | ഏറ്റെടുത്തിട്ടില്ല. |
| ഇടുക്കി | 29 കേസുകളിലായി 1908.3 ഏക്കർ കയ്യേറ്റ ഭൂമി ഏറ്റെടുത്തിട്ടുണ്ട് (മേൽ കേസുകളിൽ മിച്ചഭൂമി ഉൾപ്പെട്ടു വരുന്നില്ല) |
| എറണാകുളം | ഈ കാലയളവിൽ ജില്ലയിൽ കയ്യേറ്റ ഭൂമികളൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗിച്ചു വരുന്നു. |
| തൃശ്ശൂർ | ബാധകമല്ല. |
| പാലക്കാട് | ഈ കാലഘട്ടത്തിൽ കയ്യേറ്റം നടത്തപ്പെട്ടിട്ടുള്ള മിച്ച ഭൂമികളൊന്നും ഒഴിപ്പിച്ച് ഏറ്റെടുക്കപ്പെട്ടിട്ടില്ല. |
| മലപ്പുറം | ഇല്ല. |
| കോഴിക്കോട് | കോഴിക്കോട് താലൂക്കിൽ 3 സെന്റ് പുഴ പുറമ്പോക്ക് ഭൂമി ഏറ്റെടുത്തിട്ടുണ്ട് (ഇത് മിച്ച ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതല്ല). |
| വയനാട് | പ്രസ്തുത കാലയളവിൽ കയ്യേറ്റ മിച്ചഭൂമി ഏറ്റെടുത്തിട്ടില്ല. |
| കണ്ണൂർ | കയ്യേറ്റം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| കാസർഗോഡ് | 1.25 ഏക്കർ ഗവണമെന്റ് ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. (ഇത് മിച്ച ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതല്ല. |

Rajeev

സെക്ഷൻ ഓഫീസർ